സ്വാമിയേ ശരണമയ്യപ്പ

എം.ടി. വിശ്വനാഥൻ

" അഖില ഭുവന ദീപം ഭക്തചിത്താബ്ജ സൂരം
സുരഗണ പരിസേവ്യം തത്വമസ്യാദിലാക്ഷ്യം
ഹരിഹരസൃതമീശം താരക ബ്രഹ്മരൂപം
ശബരിഗിരി നിവാസം ഭാവയേ ഭൂതനാഥം"

ശബരിമല തീർത്ഥാടനം വളരെ ശ്രദ്ധാപൂർവ്വമായ ഒരു സാധനാ പദ്ധതിയാണ്. മറ്റു ക്ഷേത്രങ്ങളെപോലെ യഥേഷ്ടം ദർശനം നടത്താവുന്ന തീർത്ഥസ്ഥാനമല്ല.

ഒരു ഗുരുനാഥനിൽ നിന്നും (ഗുരു സ്വാമിയിൽ നിന്ന്) മന്ത്രോപദേശം, വസ്ത്രം, മുദ്ര എന്നിവ സ്വീകരിക്കുമ്പോഴാണ് ശബരിമല വ്രതം ആരംഭിക്കുന്നതാണ്.

ആരാണ് ഗുരു? നാം സാധാരണ അദ്ധ്യാപകനേയും ആചാര്യനേയും ഗുരുവായി തെറ്റിദ്ധരിക്കാറുണ്ട്. പഞ്ചേന്ദ്രിയങ്ങളിലൂടെ നമുക്ക് ഗ്രഹിക്കാൻ കഴിയുന്നത് " അറിവ് " മാത്രമാണ്. (വിജ്ഞാനമാണ്). അറിവിന് പരിമിതിയുണ്ട്. നമ്മുടെ ബുദ്ധിയുടേയും മനസ്സിന്റെയും പരിധിയ്ക്കുള്ളിൽ അറിവ് ഒതുങ്ങി നിൽക്കുന്നു. ഇന്ദ്രിയങ്ങൾ മനസ്സിന്റേയും ബുദ്ധിയുടേയും അടിമയാണ്. ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന വിജ്ഞാനത്തിനും പരിമിതിയുണ്ട്. അദ്ധ്യാപകനാണെങ്കിലും, ആചാര്യനാണെങ്കിലും പകർന്നു കൊടുക്കുന്നത് വിജ്ഞാനമാണ്. പക്ഷെ "ജ്ഞാനം" ഇന്ദ്രീയങ്ങളിലൂടെ സമ്പാദിക്കാൻ കഴിയുന്നതല്ല. അത് യഥാർത്ഥത്തിൽ നമ്മുടെ ഉള്ളിൽ നിന്ന് ഊറിവരുന്നതാണ്. അത് ഇന്ദ്രിയ വിധേയമല്ല. ബോധതലത്തിന്റെ വികാസമാണ്. ജ്ഞാനം സമഗ്രമാണ്. ആ അവസ്ഥയെ നേടിയെടുക്കാൻ സഹായിക്കുന്ന മഹത് വ്യക്തിത്വമാണ് ഗുരു. "ജ്ഞാനം" പൂർണ്ണതയാണ്. പൂർണ്ണത ഈശ്വരൻ തന്നെയാണ്. ജ്ഞാന സമ്പാദനത്തിലൂടെ ശിഷ്യൻ ഈശ്വരനോളം ഉയരുന്നു. സാധാരണ ജീവനെ ഈശ്വരനോളം ഉയരാൻ സഹായിക്കുന്നത് ഗുരുനാഥനാണ്. ജീവാത്മാവിൽ നിന്നും പരമാത്മാവിലേയ്ക്കുള്ള വികാസമാണത്. അങ്ങനെ വികസിയ്ക്കാൻ സഹായിക്കുന്ന ശാസ്ത്രമാണ് തന്ത്രശാസ്ത്രം. അപ്പോൾ ഗുരൂപദേശം മുതൽ ശബരിഗീരിശ ദർശനം വരെ നീണ്ടു നിൽക്കുന്ന വ്രതം കൃത്യമായ ഒരു താന്ത്രിക സാധനയാണ്.

ഏതൊരു ഗുരുനാഥനും ഒറ്റയ്ക്ക് ഒരു വ്യക്തിയല്ല. ഒരു പരമ്പരയാണ്. സാക്ഷാൽ പരമശിവനിൽ നിന്നും ആരംഭിച്ച് തന്റെ ഗുരുനാഥനോളം നീണ്ടു നിൽക്കുനന ഒരു പരമ്പര തന്നെയാണത്. "സ്വസ്തി ശിവാദി ശ്രീഗുരുഭ്യോ നമഃ' എന്നാണല്ലോ അഭിവാദ്യ മന്ത്രം. ഏതൊരു ഗുരുപരമ്പരയിലും ദിവ്യൗഘം, സിദ്ധൗഘം, മാനവൗഘം എന്നിങ്ങനെ മൂന്നുതരം വ്യക്തിത്വങ്ങളുണ്ട്. ഔഘം എന്നാൽ കൂട്ടം.

ചില ഗുരുനാഥന്മാർ സാധനയിലൂടെ ദേവഭാവത്തോളം ഉയരുന്നു. പരമ്പരയിലെ അവരെയാണ് 'ദിവ്യൗഘം' എന്ന് വിശേഷിപ്പിക്കുന്നത്. മറ്റു കുറേ പേർ സിദ്ധന്മാരായി മാറുന്നു. ആ കൂട്ടത്തെയാണ് 'സിദ്ധൗഘം' എന്ന് വിശേഷിപ്പിക്കുന്നത്. ചില ഗുരുനാഥന്മാർ സാധാരണ മനുഷ്യർ തന്നെയാണ്. ആ കൂട്ടമാണ് 'മാനഫ്രഘം' ഗുരുപരമ്പര ഏതാണെങ്കിലും സാക്ഷാൽ പരമശിവനിൽ നിന്നും ഒഴുകി വരുന്ന ഈശ്വരീയത തന്നെയാണ്; പല ഗുരുനാഥന്മാരിലൂടെ പകർന്ന് പകർന്ന് ശിഷ്യനെ ഉദ്ധരിക്കുന്നത്. തന്ത്രശാസ്ത്ര വീക്ഷണമനുസരിച്ച് ഈ പ്രപഞ്ചം പഞ്ചഭൂതാത്മകമാണ്. സ്ഫോടനത്തെ തുടർന്ന് സ്വയം പരിണമിച്ചുണ്ടായതാണ് പ്രപഞ്ചം. സ്ഫോടനത്തിനു മുമ്പ് കേവലം ശുദ്ധമായ ചൈതന്യം മാത്രമാണുണ്ടായിരുന്നത്. അതിനെ സാധാരണക്കാർ ' ഈശ്വര ചൈതന്യം' എന്നും താന്ത്രികന്മാർ 'ശിവൻ' എന്നും വ്യവഹരിക്കുന്നു. മറ്റു സമ്പ്രദായങ്ങളിൽ പരബ്രഹ്മമെന്നും, പരമാത്മാവ് എന്നും വ്യവഹരിക്കുന്നു. സ്ഫോടനത്തെ തുടർന്ന് ആ ഈശ്വര ചൈതന്യം അഥവാ ശൈവ ചൈതന്യം സ്വയം ഘനീഭൂതമാവുന്നു. പരിണമിക്കുന്ന. ആ ചൈതന്യം സ്വയം പരിണമിച്ച് പഞ്ചീകൃതമാവുന്നു. പ്രപഞ്ചമായി തീരുന്നു. ആ ചൈതന്യം പ്രപഞ്ചം മുഴുവൻ വ്യാപിച്ചു നിൽക്കുന്നു. ആ അവസ്ഥയാണ് 'വിഷ്ണു' എന്ന് വ്യവഹരിക്കുന്നത്. അപ്പോൾ ശിവൻ എന്നും വിഷ്ണു എന്നും വ്യവഹരിക്കുന്നത് ഒരേ ചൈതന്യത്തിന്റെ രണ്ട് അവസ്ഥകൾ മാത്രമാണ്. ഒന്ന് പ്രപഞ്ച ആരംഭത്തിന് മുമ്പുള്ള അവസ്ഥയും മറ്റേത് പരിണമിച്ച് നിൽ

ക്കുന്ന അവസ്ഥയുമാണ്.

'ഭൂതനാഥൻ' എന്നാൽ പഞ്ചഭൂതങ്ങളുടെ നാഥൻ എന്നാണല്ലോ അർത്ഥം. ഹരിഹര പുത്രൻ എന്ന് പറയുമ്പോൾ ശുദ്ധചൈതന്യത്തെ മാനുഷിക തലത്തിലേയ്ക്ക് ഇറക്കി കൊണ്ടു വന്ന്, കഥാരൂപേണ പറയുന്നതാണ്. കഥകൾക്ക് യുക്തിഭദ്രത നിർബന്ധമല്ല. ഐതിഹ്യത്തിന്റേ പുരാണ കഥകളുടേയോ അടിസ്ഥാനത്തിൽ ഇതൊന്നും വിശദീകരിക്കുന്നത് ശരിയാവില്ല. സൃഷ്ടിക്ക് മുന്നേയുള്ള ഒരു ചൈതന്യവും, അത് സ്വയം പരിണമിച്ചുണ്ടായ മറ്റൊരു ചൈതന്യവും ചേർന്ന് മൂന്നാമതൊരു ചൈതന്യം ആവിർഭവിയ്ക്കുന്നു. അതാണ് ശിവവിഷ്ണുലയത്തോടെ സംഭവിക്കുന്ന ഭൂതനാഥൻ പഞ്ചഭൂതങ്ങളുടെ അഥവാ പ്രപഞ്ചത്തിന്റെ നാഥനാണ് ഭൂതനാഥൻ. സാക്ഷാൽ ഭൂതനാഥനിൽ നിന്നും ആരംഭിക്കുന്ന ഗുരുപരമ്പര തന്റെ മുന്നിലുള്ള ഗുരുസ്വാമി വരെ എത്തി നിൽക്കുന്നു. ആ പരമ്പരയിൽ ദേവഭാവത്തിലേയ്ക്ക് ഉയർന്ന പരമഗുരുവാണ് "അയ്യപ്പൻ" അയ്യപ്പൻ എന്നാൽ അഞ്ചിന്റെ അപ്പൻ അഥവാ പഞ്ചഭൂതങ്ങളുടെ അപ്പൻ, നാഥൻ എന്നർത്ഥം. "ശിവം ഭൂത്വാ ശിവം യദേത്' എന്ന തന്ത്ര സങ്കല്പമനുസരിച്ച അയ്യപ്പനും ഭൂതനാഥനും ഒരേ ചൈതന്യം തന്നെയാണ്.

നിരന്തരമായി സാധന ചെയ്യുന്ന ഒരു ഗുരുസ്വാമിയിൽ നിന്ന് ശിഷ്യൻ മന്ത്രോപദേശവും, വസ്ത്രവും, മുദ്രയും, ചിട്ടയായ ജീവിതക്രമവും സ്വീകരിക്കുന്നു. അതിൽ മന്ത്രോപദേശം പ്രധാനമാണ്. വ്രതധാരിയായ സ്വാമി ജപിയ്കേണ്ടത് "സ്വാമിയെ ശരണമയ്യപ്പ" എന്ന നവാക്ഷരി മന്ത്രമാണല്ലൊ. നമ്മുടെ ജീവാത്മാവിനെ ഉദ്ധരിക്കാൻ പറ്റിയ മന്ത്രസ്പന്ദനം ഇതിൽ അടങ്ങിരിക്കുന്നു ശ്രീവിദ്യാ സമ്പ്രദായത്തിലെ പ്രധാനമപ്പെട്ട ഒരു ദേവതാണ് ബാലാസരസ്വതി. ബാല ത്രിപുര സുന്ദരി ഉപസിക്കേണ്ട മന്ത്രത്തിലെ ആദ്യ അക്ഷരം ' ഐം' എന്നാണ്. ആ മന്ത്രസാധനയിലൂടെ സാധനകണ്ട് ഈശ്വരീയത അനുഭവിയ്ക്കാൻ കഴിയും എന്ന് 'ബാലാവിംശതി' എന്ന പ്രസിദ്ധമായ കൃത്യയിൽ കാണാൻ കഴിയും. ഇത് സാധാരണ സാധകന്മാർക്ക് അനുഭവിയ്ക്കാൻ കഴിഞ്ഞുവരുന്നതുമാണ്.

പ്രപഞ്ച സൃഷ്ടിയുടെ മുഹൂർത്തത്തിൽ എത്ര ഊർജ്ജ പ്രവാഹമുണ്ടോ അത്രയും ഊർജ്ജം സാധകന്റെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന അതിനെ; ചുരുണ്ടു കൂടിയിരിക്കുന്ന പ്രപഞ്ച ചൈതന്യത്തെ കുണ്ഡലിനീ ശക്തി എന്നു പറയുന്നു. വാഗ്ബീജം എന്ന ' ഐം' എന്ന മന്ത്രം ജപിയ്ക്കുനനതോടെ വെള്ളരി വള്ളിയിലെ ചെറുവള്ളി പോലെ ചുരുണ്ടു കിടക്കുന്ന കുണ്ഡലീ നീ ശക്തി സജീവമാവുന്നു. ആ സാധകൻ ജനന മരണമാകുന്ന പരിമിതിയെ അതിജീവിക്കുന്നു. ജനിച്ചാൽ മരിക്കും, മരിച്ചാൽ പുനർജ്ജനിയ്ക്കും എന്നതാണല്ലൊ സാമാന്യസിദ്ധാന്തം. പ്രാണശക്തി നവദ്വാരങ്ങളിലൂടെ ബഹിർഗമിയ്ക്കുന്ന പ്രക്രിയയാണ് മരണം. വാഗ്ബീജ ഉപാസനയിലൂടെ സാധകന്റെ പ്രാണശക്തി സുഷുമ്നയിലൂടെ ഉയർന്ന് സഹസ്രാര പത്മത്തിൽ ഉള്ള ശിവനുമായി ലയിക്കുന്നു. ആ അവസ്ഥയാണ് സമാധി. യോഗീശ്വരന്മാരും ഋഷീശ്വരന്മാരും നേടിയെടുക്കുന്ന അവസ്ഥയാണത്. അവിടെ എത്തിയാൽ ജനന മരണ അവസ്ഥയിലും ഹൈന്ദവ ജനതയുടെ ജീവിത ലക്ഷ്യം മരണത്തിന്നപ്പുറത്തുള്ള അവസ്ഥയിലേക്ക് ഉയരുക-അഥവാ അമൃതത്വം നേടിയെടുക്കുക എന്നതാണ്.

"ബാലാവിശതി' പറയുന്നു:- വാഗ്ബീജം ജപിയ്ക്കുമ്പോൾ ഊന്നൽ കൊടുക്കേണ്ടത് 'ഐ' കാരത്തിനാണ്. സംഭ്രമം കൊണ്ട് അയ്യോ അയ്യോ (അഥവാ, ഐ, ഐ എന്ന്) എന്ന് മന്ത്രബുദ്ധിയില്ലാതെ ജപിച്ചാൽ പോലും ഈശ്വരാനുഗ്രം ലഭിയ്ക്കും. സ്വാമിയെ ശരണമയ്യപ്പ മന്ത്രത്തിൽ രണ്ട് പ്രാവശ്യം ' ഐ' കാരം ഒളിപ്പിച്ച് വെച്ചതായി കാണാൻ കഴിയും. ഗുരുസ്വാമിയുടെ ശിക്ഷണത്തിൽ കൃത്യമായും അയ്യപ്പ മന്ത്രം ജപിയ്ക്കുന്ന വ്രതധാരിയുടെ ഉള്ളിൽ ബോധതലത്തിൽ വികാസം സംഭവിയ്ക്കുന്നു. തന്റെ ഉള്ളിൽ ഈശ്വരനെ അഥവാ സ്വാമിയെ അനുഭവിക്കാൻ കഴിയുന്നു. മാത്രമല്ല അതേ ചൈതന്യം തന്നെയാണ് എല്ലാറ്റിലും നിറഞ്ഞു നിൽക്കുന്നതും എന്നും അറിയുന്നു. അതുകൊണ്ട് വ്രതധാരിയായ അയ്യപ്പന് താൻ സ്വയം സ്വാമിയാണ്, മാത്രമല്ല ചുറ്റുമുള്ള എല്ലാറ്റിലും, എല്ലാവരിലും സ്വാമിയെ ദർശിക്കാൻ കഴിയുന്നു. ഭൂതനാഥൻ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ചൈതന്യമാണ് എന്നിൽ നിന്നും വ്യത്യസ്ഥമായി ഒന്നുമില്ല.

മന്ത്ര സാധനയുടെ കൂടെ ആഹാര ശുദ്ധിയും പ്രധാനമാണ്. ബ്രഹ്മാണ്ഡം പഞ്ചഭൂതാത്മകമാണ്. ബ്രഹ്മാണ്ഡത്തിന്റെ കൊച്ചു പതിപ്പാണ് പിണ്ഡാണ്ഡം. അഥവാ ശരീരം. ബ്രഹ്മാണ്ഡത്തെ പോലെ പഞ്ചഭൂതാത്മകമാണ് പിണ്ഡാണ്ഡവും. താന്ത്രിക സാധനയിൽ ശരീരം വളരെ പ്രധാനാന്യമുള്ളതാണ് ദേവതാ ചൈതന്യം പ്രതിഷ്ഠിതമായ ശ്രീകോവിൽ എത്ര പവിത്രമാണോ

അത്രയും പവിത്രത നമ്മുടെ ശരീരത്തിനുണ്ട്. ഈശ്വരൻ നമ്മുടെ ശരീരത്തിൽ നിറഞ്ഞിരിക്കുന്നു. ഈശ്വര സാക്ഷാൽകാരത്തിന് ശരീരയ ശുദ്ധിയ്ക്കും പ്രധാന്യമുണ്ട്. സാധാരണ ജീവിതത്തിൽ നമുക്ക് അത് വേണ്ടത്ര ശ്രദ്ധിയ്ക്കാൻ കഴിയില്ല. നാം ആഹാരം കഴിയ്ക്കുന്നത് ശരീര പോഷണത്തിന് മാത്രമല്ല. പ്രാണശക്തിയ്ക്ക് കൂടിയാണ്. പ്രാണശക്തിയുള്ള ആഹാരമാണ് കഴിക്കേണ്ടത്. സപ്തധാതുക്കളെ കൊണ്ട് നിർമ്മിതമാണല്ലൊ ശരീരം. അവിടെ പ്രാണശക്തിയുമുണ്ട്. നാം കഴിയ്ക്കുന്ന ആഹാരം ദഹനരസത്തിൽ ലയിക്കുന്നു. പോഷകമല്ലാത്ത ഭാഗം മലം ആയി പുറത്തുപോവും. തുടർന്ന് അത് ക്രമേണ ക്രമേണ സപ്ത ധാതുക്കളിലേയ്ക്കും ലയിക്കുന്നു. ഓരോ ധാതുവിനും ആവശ്യമാ പോഷണം അതാണ് ധാതുവിലേയ്ക്ക് ലയിച്ചു ചേരാൻ സാമാന്യേന അഞ്ച് ദിവസം വേണ്ടി വരുന്നു. അങ്ങനെ 7X5=35 ദിവസം ഒടുവിൽ ശുക്ലധാതുവിൽ നിന്നും അത് ഓജസ്സായി പരിണമയ്ക്കുന്നു. അതാണ് മനുഷ്യന്റെ തേജസ്സായിരിക്കുന്ന പ്രാണശക്തി. അതിനും അഞ്ച് ദിവസം. അപ്പോൾ 41 ദിവസത്തെ വ്രതത്തിലൂടെ ആഹാരശുദ്ധി അനുവർത്തിക്കുന്നതോടെ പഞ്ചഭൂതാത്മകമായ ശരീരവും പ്രാണശക്തിയും ശുദ്ധമാവുന്നു. 41 ദിവസ വ്രതത്തിനു ശേഷം ഭക്തൻ തീർത്ഥയാത്ര ആരംഭിക്കുന്നു.

ഉപാസനയിൽ ഭക്തിയ്ക്കും ഭാവനയ്ക്കും പ്രാധാന്യമുണ്ട്. ആചരണവും സമർപ്പണവും നിർബന്ധമാണ്. എല്ലാം ചേർന്ന ഒരു സാധനാ ക്രമമാണ് ശബരിമല യാത്രാ സ്നാനവും ഭസ്മധാരണവും പ്രധാനമാണ്. സ്നാനം ജലം കൊണ്ടുള്ള ശുദ്ധീകരണവും ഭസ്മധാരണം ആഗ്നേയ സ്നാനവുമാണ്. സന്ധ്യകളിലെ  ശരണമന്ത്രജപവും നിർബന്ധമാണ്. അയ്യപ്പ സ്മരണവും ധ്യാനവും മന്ത്രജപവും അന്തഃകരണ ശുദ്ധി ഉണ്ടാക്കുന്നു.

യാത്ര ആരംഭിക്കുന്നത് ഇരുമുടിക്കെട്ടും നെയ്തേങ്ങയുമായിട്ടാണ്. നെയ്യ് നിറച്ച തേങ്ങ പൂർണ്ണ സമർപ്പണത്തിന്റെ  പ്രതീകമാണ്. ഭൗതിക സാഹചര്യങ്ങളെ മറന്ന് ഗുരുനാഥന്റെ കൂടെ യാത്ര പുറപ്പെടുന്ന സാധകൻ പൂർണ്ണമായും ഒരു തപസ്വിയായി മാറുന്നു. ലക്ഷ്യം അയ്യപ്പൻ മാത്രം. ഏത് പ്രതികൂല സാഹചര്യത്തേയും അതിജീവിയ്ക്കാൻ പരിശീലനം ലഭിക്കുന്നു. മാത്രമല്ല പ്രപഞ്ച ചൈതന്യത്തെ അനുഭവിയ്ക്കാനും സ്വാംശീകരിയ്ക്കാനും കഴിയുന്നു. തന്റെ ഉള്ളിലും പുറത്തും നിറഞ്ഞു നിൽക്കുന്ന സ്വാമിയെ സ്വാംശീകരിക്കുന്നു. മനസ്സിൽ അയ്യപ്പനെ മാത്രം ധ്യാനിച്ചുകൊണ്ട് യാത്ര ചെയ്യുന്നു.  സാധനയിൽ 'രൂപധ്യാന" ത്തിന് വളരെ പ്രാധാന്യമുണ്ട്. ഏറ്റവും ശക്തമായത് ' മനോരമയി' യായ വിഗ്രഹമാണ് ഒരു കരിങ്കല്ലോ അല്ലെങ്കിൽ മരക്കഷണമോ എടുത്ത് ഒരു ദേവതാ വിഗ്രഹം നിർമ്മിയക്കാം. ശില്പി അതിലെ അനാവശ്യമായ ഭാഗങ്ങൾ ചെത്തിക്കളയുന്നു. അനാവശ്യമായ ഭാഗം നീങ്ങിക്കഴിഞ്ഞാൽ അത് ദേവത ആയി തീരുന്നു. അതേപോലെ മനുഷ്യ മനസ്സിൽ നല്ലതും ചീത്തയുമായ സംസ്കാരങ്ങൾ അടിഞ്ഞുകൂടിക്കിടക്കുന്നുണ്ട്. രൂപധ്യാനം ഏകാഗ്രതയോടെ, ശ്രദ്ധാപൂർവ്വം ചെയ്യുമ്പോൾ മെല്ലെ മനസ്സിലെ അനാവശ്യമായതെല്ലാം നീങ്ങിപോകുന്നു. ഒടുവിൽ മനസ്സ് ദേവതാമയമായി തീരുന്നു.  മനസ്സ് ഭഗവത് രൂപം ആയി തീരുന്നു.

പമ്പയിലെ പിതൃശ്രാദ്ധം സഞ്ചിതമായ പാപ കർമ്മങ്ങൾ മോചിതമാവിൻ ചെയ്യുന്ന ക്രിയയാണ്. തുടർന്ന് മലകയറുന്നു. മലകയറുമ്പോൾ ദുർഗ്ഗമമായ മാർഗ്ഗം തരണം ചെയ്യാൻ നമ്മെ സഹായിക്കുന്നു ശബരീ രൂപത്തിലുള്ള ദേവിയാണ് ("ശബരീം കാന്താര ദുർഗ്ഗേ ഗിരൌ" എന്ന് ബാലാവിചതി) കയറ്റം കയറുമ്പോൾ പ്രാണായാമം ചെയ്ത സുഖം ലഭിയ്ക്കും. ബ്രഹ്മചര്യവും, പ്രാണായാമവും മനുഷ്യന് വീര്യം വർദ്ധിപ്പിക്കും.

ശബരിമല പതിനെട്ട് മലകളുടെ ഒരു സമുച്ചയമാണ്.  ഓരോ മലയിലും ദേവതാ സങ്കല്പമുണ്ട്. ആ ദേവതകളാണ് 18 പടികളിൽ സങ്കല്പിച്ച പടിപൂജ ചെയ്യുന്നത്. (നിലയ്ക്കൽ പ്രക്ഷോഭം നടക്കുന്ന താലത്ത് അന്ന് ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റായിരുനന ശ്രീ. പുഞ്ഞാർ കേരളവർമ്മരാജയാണ്  ഈ വിഷയം അന്ന് പറഞ്ഞത്)

ശബരിമല എല്ലാ വിഭാഗത്തിൽ പെട്ടവരുടേയും ആരാധനയുടെ സമ്മിളിതമായ സ്ഥാനമാണ്. താന്ത്രികരാധന എല്ലാവരും ചെയ്തുവരുന്നു. തന്ത്രസമുച്ചയത്തിലോ, സപരിവരാ പൂജയിലോ അല്ലെങ്കിൽ മറ്റു തന്ത്രങ്ങളിൽ പറഞ്ഞിരിയ്ക്കുന്നതോ  മാത്രമല്ല  പാരമ്പര്യമായി അനുവർത്തിച്ചു വരുന്ന മന്ത്രവും, സമ്പ്രദായങ്ങളും തന്ത്രശാസ്ത്രം അംഗീകരിക്കുന്നു. സങ്കല്പത്തിനും ശക്തമായ സ്ഥാനമുണ്ട്. വിവിധ ഗോത്രവർഗ്ഗങ്ങൾ അവരുടെ രീതിയിൽ കടുത്ത സ്വാമിയും, കറുപ്പ് സ്വാമിയും,  വാപുര  സ്വാമിയും തുടങ്ങിയ കേന്ദ്രങ്ങളിൽ ആരാധിയ്ക്കുന്നു.

അങ്ങനെ ജാതീയതീതമായ ഒരു സങ്കല്പം നിലനിൽക്കുന്ന ശബരിമലയിൽ പ്രപഞ്ച ചൈ

തന്യത്തെ നേരിട്ടനുഭവിയ്ക്കാൻ കഴിയുന്നു. ഇന്ദ്രീയ നിഗ്രഹം വന്ന സ്വാമിമാർ പട്ടബന്ധാസന സ്ഥനായ അയ്യപ്പദർശനത്തോടെ പൂർണ്ണമായ അനുഭൂതി അനുഭവിക്കുന്നു. നെയ് തേങ്ങ് പൂർണ്ണ സമർപ്പണമാണ്. തന്റെ ബോധം പൂർണ്ണമായും സമർപ്പിക്കുന്നതോടെ ഞാൻ എന്ന ബോധം നശ ിക്കുന്നു. ഞാൻ ഇല്ലെങ്കിൽ അവിടെ ഈശ്വരൻ അവതരിക്കുന്നു. പൂർണ്ണമായ കൈവല്യമാണ് ശബരിമല യാത്രയുടെ പരമമായ ഉദ്ദേശം.